'Hubspire' എന്ന സ്ഥാപനം അവരുടെ 'Corporate Social Responsibility' (CSR) ഫണ്ടുപയോഗിച്ചാണ് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന പി.ഡബ്ല്യു.ഡി ഫിക്സിറ്റ് എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചത്. ഇത് ഗ്ലോബൽ ടെണ്ടർ ആയിരുന്നില്ല. ഈ സംരംഭത്തിനുവേണ്ടി സർക്കാരിന്റെ ഒരു ഫണ്ടും ഉപയോഗിച്ചിരുന്നില്ല. സ്ഥാപനംതന്നെ അവരുടെ CSR ഫണ്ടുവഴി സ്പോൺസർ ചെയ്തതിനാൽ സർക്കാരുമായി യാതൊരു കരാറിലും ഏർപ്പെട്ടിരുന്നില്ല. ഈ ആപ്പ് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമല്ലെന്ന പരാതികളുണ്ടായിരുന്നു.

വടകര ജില്ലാ ആശുപത്രിക്ക് പുതിയ കെട്ടിടം

10 (759) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര ജില്ലാ ആശുപത്രിക്കായി പുതിയ കെട്ടിടം പണിയുന്ന പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണ്?

വടകര ജില്ലാ ആശുപത്രിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. എല്ലാ നിലകളുടെയും സ്ലാബ്, മേസൺറി, പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചു. സിവിൽ പ്രവൃത്തികളുടെ 60% ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. നവംബർ അവസാനവാരം പൂർത്തീകരിക്കും.

(ബി) പ്രസ്തുത പ്രവൃത്തിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ?

15-2-2016 ലെ സ.ഉ.(സാധാ)നമ്പർ489/2016/ ആ.കു.വ പ്രകാരം വടകര ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണ പ്രവൃത്തിക്കായി 1370 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നബാർഡ് ധനസഹായത്തോടെയാണ് നടപ്പിലാക്കുന്നത്. 1370 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ 205.50 ലക്ഷം രൂപ കേരള സർക്കാരിന്റെ വിഹിതമാണ്.

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഭരണാനുമതി ലഭിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

15-2-2016 ലെ സ.ഉ.(സാധാ)നമ്പർ489/2016/ആ.കു.വ. പ്രകാരം വടകര ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണ പ്രവൃത്തിക്കായി 1370 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നബാർഡ് ധനസഹായത്തോടെയാണ് നടപ്പിലാക്കുന്നത്. 1370 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ 205.50 ലക്ഷം രൂപ കേരള സർക്കാരിന്റെ വിഹിതമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതിക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

15-2-2016 ലെ സ.ഉ.(സാധാ)നമ്പർ 489/2016/ ആ.കു.വ. പ്രകാരം വടകര ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണ പ്രവൃത്തിക്കായി 1370 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നബാർഡ് ധനസഹായത്തോടെയാണ് നടപ്പിലാക്കുന്നത്. 1370 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ 205.50 ലക്ഷം രൂപ കേരള സർക്കാരിന്റെ വിഹിതമാണ്.

കുറ്റിപ്പുറം ടി.എച്ച്.എസ്.എസ്. -ന്റെ പുതിയ ബ്ലോക്ക് നിർമ്മാണം

11 (760) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ടി.എച്ച്.എസ്.എസ്.-ന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിനു വേണ്ടി 3 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കുറ്റിപ്പുറം ടി.എച്ച്.എസ്.എസ്.-ന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിനു വേണ്ടി അനുവദിച്ച തുകയുടെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കുന്ന ഘട്ടത്തിലാണ്.

(ബി) ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല, ഡിസൈൻ ലഭിക്കുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതാണ്.

(സി) ഇൻവെസ്റ്റിഗേഷൻ, ഭരണാനുമതി എന്നിവയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്ന നടപടികളിലാണ്.

(ഡി) പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഡിസൈൻ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly